## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(ഹാജർ : ശ്രീമതി അനുപമ.റ്റി.വി IAS)**

=============================================================

**വിഷയം :** വനിത ശിശു വികസന വകുപ്പ്- സൈക്കോ സോഷ്യൽ പദ്ധതി 2020-2021- സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് ആദ്യ ഗഡു തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================

**<u>ഉത്തരവ് നമ്പർ . ICDS/A6/32918/19 - തീയതി: 8 /4/2020</u>**

സംസ്ഥാനത്തു സൈക്കോസോഷ്യൽ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് ആദ്യ ഘട്ടമായി 2020 മാർച്ച് മുതൽ 2020 മെയ് വരെയുള്ള 3 മാസത്തേയ്ക്ക് തുക അനുവദിക്കേണ്ടതുണ്ട്. ഇതിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരം 14 ജില്ലകളിലെ സ്കൂൾ കൗൺസിലർമാർക്ക് 2020 മാർച്ച് മുതൽ 2020 മെയ് വരെയുള്ള ഹോണറേറിയവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനായി **Rs. 6,22,42,125 (ആറു കോടി ഇരുപത്തിരണ്ടു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി നൂറ്റി ഇരുപത്തിയഞ്ചു രൂപ മാത്രം)** അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിന് അതാതു ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ചു ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ഹോണറേറിയം നൽകുന്നതിനായി ഇതോടൊപ്പമുള്ള പട്ടിക പ്രകാരമായുള്ള തുക ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ചു ഉത്തരവ്

പുറപ്പെടുവിക്കുന്നു. 2020-21 സാമ്പത്തിക വർഷം മുതൽ വകുപ്പിന്റെ ജില്ലാതല SCO - മാരായി വനിതാ ശിശുവികസന ഓഫീസർമാർ നിയോഗിക്കപ്പെട്ടിട്ടുള്ളതിനാൽ PO-മാരിൽ നിന്ന് സി. ഡി. പി. ഓ ഓഫിസിൽ നൽകേണ്ട തുക ആരാഞ്ഞു ഓരോ ഐ സി ഡി സിലേക്കും കൗൺസിലർമാരുടെ എണ്ണത്തിന് ആനുപാതികമായ തുക ജില്ലാ വനിത ശിശുവികസന ഓഫീസർമാർ സി. ഡി. പി. ഓ മാർക്ക് അനുവദിച്ചു നൽകേണ്ടതാണ്. സി. ഡി. പി. ഓ മാർ ഹോണറേറിയം പിൻവലിച്ചു ബന്ധപ്പെട്ട സ്കൂൾ കൗൺസിലർമാരുടെ ബാങ്ക് അക്കൗണ്ട് മുഖേന തുക വിതരണം ചെയ്യേണ്ടതും ആയതിന്റെ അകിറ്റൻസ് രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-62(01)P ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്

വനിതാ ശിശുവികസന ഡയറക്ടർ

1). ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന
ഓഫീസർമാർ

2). ബന്ധപ്പെട്ട സി ഡി പി ഓ മാർ

ഉത്തരവിൻപ്രകാരം

അസിസ്റ്റന്റ് ഡയറക്ടർ

പകർപ്പ് :

1). സൂപ്രണ്ട് A സെക്ഷൻ

2). സ്റ്റോക്ക് ഫയൽ , സ്പെയർ

## School Counsillors HonmorariumFirst Installment

| District | No of PSS Counsellors | Honorarium for One Month | Honorarium for ~~six~~ 3. months |
|---|---|---|---|
| Thiruvananthapuram | 76 | 1651100 | 4953300 |
| Kollam | 81 | 1759725 | 5279175 |
| Pathanamthitta | 27 | 586575 | 1759725 |
| Alappuzha | 57 | 1238325 | 3714975 |
| Kottayam | 61 | 1325225 | 3975675 |
| Idukki | 72 | 1564200 | 4692600 |
| Ernakulam | 67 | 1455575 | 4366725 |
| Thrissur | 77 | 1672825 | 5018475 |
| Palakkad | 79 | 1716275 | 5148825 |
| Wayanad | 49 | 1064525 | 3193575 |
| Malappuram | 91 | 1976975 | 5930925 |
| Kozhikkode | 79 | 1716275 | 5148825 |
| Kannur | 92 | 1998700 | 5996100 |
| Kasaragod | 47 | 1021075 | 3063225 |
| Total | 955 | 2,07,47,375 | 6,22,42,125 |